പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 957 20.3.2013 ലെ മറുപടിക്ക്

## പട്ടികജാതി സങ്കേതങ്ങളിൽ ഒരു കോടി രൂപയുടെ സമഗ്രവികസന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)പട്ടികജാതി സങ്കേതങ്ങളിൽ ഒരു കോടി രൂപയുടെ സമഗ്രവികസന പദ്ധതിയിൽ ഭവന നിർമ്മാണം, ഭൂരഹിതർക്ക് ഭൂമിയും വീടും, വീടുകളുടെ അറ്റകുറ്റപണി, ടോയ്‌ലറ്റ്-ലാട്രിൻ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | സമഗ്ര കോളനി വികസന പദ്ധതിയിൽ ഭവന നിർമ്മാണം, ഭൂരഹിതർക്ക് ഭൂമിയും വീടും എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. ഇവയ്ക്കായി വകുപ്പിൽ പ്രത്യേക പദ്ധതികൾ നിലവിലുണ്ട്. വീടുകളുടെ അറ്റകുറ്റപ്പണി, ടോയ്‌ലറ്റ്-ലാട്രിൻ നിർമ്മാണം എന്നിവ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി)എങ്കിൽ പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്ത ഏജൻസി സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് തുക അനുവദിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്താണെന്ന് വിശദമാക്കുമോ; | (ബി) | വിവിധ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പരിശോധിച്ച് സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി അനുവദിക്കുന്നതാണ്. |
| (സി)പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) | സർക്കാർ ഉത്തരവ് സ.ഉ(കൈ) 23/13/പജപവവി തീയതി, 15.3.2013- ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**